31 (197) പെരുവണ്ണാമൂഴി ശുദ്ധജല വിതരണ പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കുമെന്നറിയിക്കുമോ;

(സി) ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ സൗകര്യം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരുവണ്ണാമൂഴി ജലസ്രോതസ്സായ കൊയിലാണ്ടിയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ എല്ലാ പ്രവൃത്തികളും നേരത്തെ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ 1-ാം മേഖല 3/96-ൽ കമ്മിഷൻ ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ ചാർജ് ചെയ്യുമ്പോൾ വർഷങ്ങൾക്കുമുൻപ് സ്ഥാപിച്ച പൈപ്പുകളുടെ ജോയിന്റുകളിലെ റബ്ബർ റിംഗുകൾ കേടാകുന്നതിനാലും പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നതുകൊണ്ടും മറ്റു മേഖലകൾ ഇതുവരെ കമ്മിഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. പദ്ധതി പൂർണ്ണമായി കമ്മിഷൻ ചെയ്യുവാനുള്ള തടസ്സങ്ങളെപ്പറ്റി പഠിയ്ക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ഒരു വിദഗ്ദ്ധ സമിതിയെ അധികാരപ്പെടുത്തുകയും ആ സമിതി 203 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കാനായി ഉത്തരമേഖലാ ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(ബി) 5/2001-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ചങ്ങരോത്ത്, കൂത്താളി, ചക്കിട്ടപ്പാറ, പേരാമ്പ്ര, നൊച്ചാട്, മേപ്പയൂർ, മൂടാടി, ഉള്ള്യേരി, കോട്ടൂർ, കിഴരിയൂർ എന്നീ പഞ്ചായത്തുകൾക്കും, കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

32 (198) വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീം

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ ജോലി ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ജോലി വളരെ മന്ദഗതിയിലാണ് നടക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജോലി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്കീമിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ആർക്കാണ് ഇപ്പോൾ ഈ വർക്കിന്റെ ചുമതല എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly